## മധുരമായ കുട്ടികളേ - ജീവിച്ചിരിക്കെത്തന്നെ ഈ ദുഃഖധാമത്തോട് വിടപറയൂ എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് സുഖധാമത്തിലേയ്ക്ക് പോകണം.

**ചോദ്യം-** ബാബാ കുട്ടികൾക്ക് ഏതൊരു ചെറിയ പരിശ്രമമാണ് നൽകുന്നത്?
**ഉത്തരം-** ബാബ പറയുന്നു- കുട്ടികളേ, കാമം മഹാശത്രുവാണ്, ഇതിനുമേൽ വിജയം പ്രാപ്തമാക്കു. ഈ ഒരു ചെറിയ പരിശ്രമമാണ് നൽകുന്നത്. നിങ്ങൾക്ക് സമ്പൂർണ്ണ പാവനമായി മാറണം. പതിതത്തിൽ നിന്നും പാവനം അർത്ഥം പവിഴമായി മാറണം. പവിഴമായി മാറുന്നവർക്ക് കല്ലാവാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾ ഇപ്പോൾ പുഷ്പമായി മാറൂ അപ്പോൾ ബാബ നിങ്ങളെ കണ്ണുകളിൽ ഇരുത്തി കൂടെക്കൊണ്ടുപോകും.

**ഓംശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്, ഈ കാര്യം കുട്ടികൾ തീർച്ചയായും മനസ്സിലാക്കുന്നുണ്ട് നമ്മൾ ബ്രാഹ്മണരാണ് നമ്മൾ തന്നെ ദേവതയാകും. ഈ ഉറച്ച നിശ്ചയമില്ലേ. ടീച്ചർ ആരെ പഠിപ്പിക്കുന്നുവോ അവരെ തീർച്ചയായും തനിക്കു സമാനമാക്കി മാറ്റും. ഇത് നിശ്ചയത്തിന്റെ കാര്യമാണ്. കല്പ-കല്പം ബാബ വന്ന് മനസ്സിലാക്കിത്തരുന്നു, നമ്മൾ നരകവാസികളെ സ്വർഗ്ഗവാസിയാക്കുന്നു. മുഴുവൻ ലോകത്തേയും ആക്കിമാറ്റാൻ ആരെങ്കിലും ഉണ്ടാവുമല്ലോ. ബാബ സ്വർഗ്ഗവാസിയാക്കി മാറ്റുന്നു, രാവണൻ നരകവാസിയാക്കി മാറ്റുന്നു. ഈ സമയം രാവണരാജ്യമാണ്, സത്യയുഗമാണ് രാമരാജ്യം. രാമരാജ്യം സ്ഥാപിക്കാൻ ആളുണ്ടെങ്കിൽ തീർച്ചയായും രാവണ രാജ്യം സ്ഥാപിക്കാനും ആളുണ്ടാകും. രാമൻ എന്ന് ഭഗവാനെയാണ് പറയുന്നത്, ഭഗവാനാണ് പുതിയ ലോകം സ്ഥാപിക്കുന്നത്. ജ്ഞാനം വളരെ സഹജമാണ്, വലിയ കാര്യമൊന്നുമല്ല. എന്നാൽ കല്ലുബുദ്ധി ഇങ്ങനെയാണ് അവർ പവിഴ ബുദ്ധിയാവുക എന്നത് അസംഭവ്യമാണെന്ന് മനസ്സിലാക്കിയിരിക്കുന്നു. നരകവാസിയിൽ നിന്നും സ്വർഗ്ഗവാസിയാകുന്നതിൽ വളരെ പരിശ്രമമുണ്ട് എന്തുകൊണ്ടെന്നാൽ മായയുടെ പ്രഭാവമുണ്ട്. എത്ര വലിയ വലിയ മാളികകളാണ്, 50 നിലയുള്ളതും, 100 നിലകളുള്ളതും നിർമ്മിക്കുന്നു. സ്വർഗ്ഗത്തിൽ ഇത്രയും നിലകൾ ഉണ്ടാകില്ല. ഈ കാലത്ത് ഇവിടെയാണ് ഇങ്ങനെ നിർമ്മിക്കുന്നത്. നിങ്ങൾക്ക് അറിയാം ഇവിടെ ഉണ്ടാക്കുന്ന തരത്തിലുള്ള കെട്ടിടങ്ങൾ സത്യയുഗത്തിൽ ഉണ്ടാവില്ല. ബാബ സ്വയം മനസ്സിലാക്കിത്തരുന്നു ഇത്രയും ചെറിയ വൃക്ഷം മുഴുവൻ വിശ്വത്തിലുമായിരിക്കും അതിനാൽ അവിടെ ബഹുനിലക്കെട്ടിടങ്ങൾ നിർമ്മിക്കേണ്ട ആവശ്യമേയില്ല. വളരെ അധികം സ്ഥലം വെറുതേ ഉണ്ടാകും. ഇവിടെയാണെങ്കിൽ സ്ഥലമില്ല അതിനാൽ സ്ഥലത്തിന് എത്ര വില ഉയർന്നിരിക്കുന്നു. അവിടെയാണെങ്കിൽ സ്ഥലത്തിന് വിലയേ ഉണ്ടാകില്ല. മുനിസിപ്പൽ ടാക്സ് മുതലായവ അടക്കേണ്ട ആവശ്യവുമില്ല. ആർക്ക് എത്ര സ്ഥലം വേണോ അത്രയും എടുക്കാൻ സാധിക്കും. അവിടെ നിങ്ങൾക്ക് എല്ലാ സുഖവും ഉണ്ടാകും. മനുഷ്യർ 100 നിലയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നു അതിനും ചിലവ് ഉണ്ടാകുന്നില്ലേ. അവിടെ ചിലവുണ്ടാകില്ല. അളവില്ലാത്ത സമ്പത്തുണ്ടായിരിക്കും. പൈസയുടെ ചിന്തയുണ്ടാകില്ല. അളവില്ലാത്ത ധനമുണ്ടെങ്കിൽ എന്ത് ചെയ്യും. സ്വർണ്ണം, വജ്രം, രത്നം എന്നിവകൊണ്ട് കൊട്ടാരങ്ങൾ നിർമ്മിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾ എത്ര വിവേകമാണ് ലഭിച്ചിരിക്കുന്നത്. വിവേകത്തിന്റേയും അവിവേകത്തിന്റേയും കാര്യമാണ്. സതോഗുണി ബുദ്ധിയും തമോഗുണി ബുദ്ധിയും. സതോപ്രധാനം സ്വർഗ്ഗത്തിന്റെ അധികാരി, തമോഗുണി ബുദ്ധി നരകത്തിന്റെ അധികാരി. ഇത് സ്വർഗ്ഗമല്ല. ഇത് അതിഘോരമായ നരകമാണ്. വളരെ അധികം ദുഃഖിയാണ് അതിനാലാണ് ഭഗവാനെ വിളിക്കുന്നത്, പിന്നീട് മറക്കുകയും ചെയ്യുന്നു. ഏകത ഉണ്ടാകുന്നതിനായി എത്ര തലയിട്ടടിക്കുന്നു, സമ്മേളനങ്ങൾ നടത്തുന്നു. പക്ഷേ നിങ്ങൾ കുട്ടികൾക്ക് അറിയാം- ഇവിടെ ഒരുമിച്ച് ചേരാൻ കഴിയില്ല. ഈ മുഴുവൻ വൃക്ഷവും ജീർണ്ണിച്ചിരിക്കുന്നു, ഇനി പുതിയത് ഉണ്ടാകും. കലിയുഗത്തിൽ നിന്നും സത്യയുഗം എങ്ങനെയാണ് ഉണ്ടാകുന്നതെന്ന് നിങ്ങൾക്കറിയാം. ഈ ജ്ഞാനം ബാബ നിങ്ങൾക്ക് ഇപ്പോഴാണ് മനസ്സിലാക്കിത്തരുന്നത്. സത്യയുഗവാസിയിൽ നിന്നും നിങ്ങൾ കലിയുഗ വാസിയായി മാറുന്നു പിന്നീട് നിങ്ങൾ സംഗമയുഗവാസിയായി വീണ്ടും സത്യയുഗവാസിയാകുന്നു. ഇത്രയും പേർ സത്യയുഗത്തിലേയ്ക്ക് പോകുമോ? ഇല്ല, ആരാണോ യഥാർത്ഥ സത്യനാരായണന്റെ കഥ കേൾക്കുന്നത് ആവരാണ് സ്വർഗ്ഗത്തിലേയ്ക്ക് പോവുക. ബാക്കിയെല്ലാവരും ശാന്തിധാമത്തിലേയ്ക്ക് പോകും. ദുഃഖധാമം അവശേഷിക്കില്ല. അതിനാൽ ജീവിച്ചിരിക്കെത്തന്നെ ഈ ദുഃഖധാമത്തോട് വിടചൊല്ലണം. എങ്ങനെ നിങ്ങൾക്ക് വിടചൊല്ലാൻ സാധിക്കും അതിന് ബാബ യുക്തികളും പറഞ്ഞുതരുന്നുണ്ട്. ഈ മുഴുവൻ സൃഷ്ടിയിലും ദേവീ ദേവതകളുടെ രാജ്യമുണ്ടായിരുന്നു. ഇപ്പോൾ ബാബ വീണ്ടും സ്ഥാപന ചെയ്യാൻ വന്നിരിക്കുന്നു. നമ്മൾ ഇപ്പോൾ ആ ബാബയിൽ നിന്നും വിശ്വരാജ്യം നേടിക്കൊണ്ടിരിക്കുകയാണ്. ഡ്രാമയുടെ പദ്ധതി അനുസരിച്ച് തീർച്ചയായും മാറ്റം ഉണ്ടാകണം. ഇതാണ് പഴയ ലോകം. ഇതിനെ

സത്യയുഗം എന്ന് എങ്ങനെ പറയും? എന്നാൽ സത്യയുഗം എന്താണ് എന്ന് മനുഷ്യൻ തീർത്തും മനസ്സിലാക്കുന്നില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ആരാണോ വളരെ അധികം ഭക്തി ചെയ്തിട്ടുള്ളത് അവരാണ് ഈ ജ്ഞാനത്തിന് അർഹതയുള്ളവർ. അവർക്ക് വേണം മനസ്സിലാക്കിക്കൊടുക്കാൻ. ബാക്കി ആരാണോ ഈ കുലത്തിലേതല്ലാത്തത്, അവർ ഇത് മനസ്സിലാക്കില്ല. എങ്കിൽ പിന്നെന്തിന് സമയം വ്യർത്ഥമാക്കണം. നമ്മുടെ കുലത്തിലേതല്ലെങ്കിൽ ഒന്നും അംഗീകരിക്കില്ല. പറയും, ആത്മാവ് എന്താണ്- പമാത്മാവ് ആരാണ്- ഇത് മനസ്സിലാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിൽ ഇങ്ങനെയുള്ളവർക്കായി എന്തിന് സമയം പാഴാക്കണം. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്- മുകളിൽ എഴുതിയിട്ടുണ്ട് ഭഗവാനുവാചാ, ഞാൻ വരുന്നത് തന്നെ കല്പ-കല്പം പുരുഷോത്തമ സംഗമയുഗത്തിൽ, സാധാരണ മനുഷ്യ ശരീരത്തിലാണ്. ആർക്കാണോ തന്റെ ജന്മങ്ങളെത്തന്നെ അറിയാത്തത് അവർക്ക് ഞാൻ പറഞ്ഞുതരുന്നു. ആർക്കാണ് പൂർണ്ണമായും 5000 വർഷം പാർട്ടുള്ളത് അത് ഞാൻ പറഞ്ഞുതരുന്നു. ആരാണോ ആദ്യ നമ്പറിൽ വന്നത് അവർക്ക് തന്നെയായിരിക്കില്ലേ മുഴുവൻ പാർട്ട്. ശ്രീകൃഷ്ണന്റെ മഹിമയും പാടുന്നു സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരൻ. കൃഷ്ണൻ തന്നെ 84 ജന്മങ്ങൾക്ക് ശേഷം ആരാകും? ആദ്യത്തെ യാചകൻ. യാചകനിൽ നിന്നും രാജകുമാരൻ. രാജകുമാരനിൽ നിന്നും യാചകൻ. രാജകുമാരനിൽ നിന്നും യാചകനാകുന്നത് എങ്ങനെയാണെന്ന് നിങ്ങൾക്കറിയാം. പിന്നീട് ബാബ വന്ന് കക്കയിൽ നിന്നും വജ്രമാക്കി മാറ്റുന്നു. ആരാണോ വജ്രമായിട്ടുള്ളത് അവർ തന്നെയാണ് കക്കയെപ്പോലായി മാറുന്നത്. പുനർജന്മം എടുക്കുന്നുണ്ടല്ലോ. ഏറ്റവും കൂടുതൽ ജന്മം ആരാണ് എടുക്കുന്നത്, ഇത് നിങ്ങൾക്ക് അറിയാം. ഏറ്റവും ആദ്യം ശ്രീകൃഷ്ണനെത്തന്നെയാണ് അംഗീകരിക്കുക. കൃഷ്ണന്റെ രാജധാനിയാണ്. വളരെ അധികം ജന്മങ്ങളെടുക്കുന്നതും ശ്രീകൃഷ്ണനാണ്. ഇത് വളരെ സഹജമായ കാര്യമാണ്. എന്നാൽ മനുഷ്യർ ഈ കാര്യങ്ങളിൽ ശ്രദ്ധ നൽകുന്നില്ല. ബാബ മനസ്സിലാക്കിത്തരുമ്പോൾ അത്ഭുതപ്പെടുന്നു. ബാബ കൃത്യമായി പറഞ്ഞുതരുന്നു. ആദ്യമുള്ളവർ തന്നെയാണ് അവസാനവും. ആദ്യം വജ്രസമാനം അവസാനം കക്കയ്ക്കുസമാനം. വീണ്ടും വജ്രമായി മാറണം, പാവനമായി മാറണം, ഇതിൽ എന്ത് ബുദ്ധിമുട്ടാണുള്ളത്. പാരലൗകിക പിതാവ് ആജ്ഞ പുറപ്പെടുവിക്കുകയാണ്- കാമം മഹാശത്രുവാണ്. നിങ്ങൾ ആരിലൂടെയാണ് പതിതമായത്? വികാരത്തിലേയ്ക്ക് പോയതുകൊണ്ട്, അതുകൊണ്ടാണ് അല്ലയോ പതിത പാവനാ വരൂ എന്ന് പറഞ്ഞ് വിളിക്കുന്നത് എന്തുകൊണ്ടെന്നാൽ ബാബ സദാ പവിഴബുദ്ധിയാണ്, ബാബ ഒരിയ്ക്കലും കല്ലുബുദ്ധിയാകുന്നില്ല, ബന്ധം തന്നെ ആദ്യ നമ്പറിൽ ജന്മമെടുക്കുന്നവരും ബാബയും തമ്മിലാണ്. ദേവതകൾ അനേകമുണ്ട് പക്ഷേ മനുഷ്യർ ഒന്നും മനസ്സിലാക്കുന്നില്ല.

ക്രിസ്ത്യാനികൾ പറയുന്നു ക്രിസ്തുവിന് 3000 വർഷങ്ങൾക്കു മുൻപ് സ്വർഗ്ഗമുണ്ടായിരുന്നു. അവർ അവസാനമല്ലേ വന്നത് അതിനാൽ അവർക്ക് ശക്തിയുണ്ട്. അവരിൽ നിന്നാണ് എല്ലാം പഠിക്കുന്നത് കാരണം അവരുടേത് ഫ്രഷ് ബുദ്ധിയാണ്. വളർച്ചയും അവർക്ക് തന്നെയാണ് ഉണ്ടാകുന്നത്. സതോ, രജോ, തമോയിലേയ്ക്ക് വരുന്നുണ്ടല്ലോ. നിങ്ങൾക്ക് അറിയാം എല്ലാം വിദേശത്തുനിന്നാണ് പഠിക്കുന്നത്. ഇതും നിങ്ങൾക്ക് അറിയാം- സത്യയുഗത്തിൽ കൊട്ടാരം മുതലായവ നിർമ്മിക്കാൻ സമയം എടുക്കില്ല. ഒരാളുടെ ബുദ്ധിയിൽ വന്നു പിന്നീട് വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഒന്ന് നിർമ്മിച്ചശേഷം അനേകം നിർമ്മിക്കും. ബുദ്ധിയിൽ വരും. ശാസ്ത്രജ്ഞരുടെ ബുദ്ധി നിങ്ങളുടെ അടുത്തെത്തി ഉയർന്നതായി തീരുന്നു. പെട്ടെന്ന് കൊട്ടാരമുണ്ടാക്കും. ഇവിടെ കെട്ടിടമോ ക്ഷേത്രമോ നിർമ്മിക്കാൻ 12 മാസങ്ങൾ എടുക്കുന്നു, അവിടെയാണെങ്കിൽ എഞ്ചിനീയർ മുതലായവർ വളരെ സമർത്ഥരായിരിക്കും. അത് സ്വർണ്ണിമയുഗമാണ്. കല്ലൊന്നും ഉണ്ടാകില്ല. ഇപ്പോൾ നിങ്ങൾ ഇരിക്കുന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടാകും, നമ്മൾ ഈ പഴയ ശരീരം ഉപേക്ഷിക്കും, പിന്നീട് വീട്ടിലേയ്ക്ക് പോകും, അവിടെ നിന്ന് വന്ന് യോഗബലത്തിലൂടെ സത്യയുഗത്തിൽ ജന്മമെടുക്കും. കുട്ടികൾക്ക് എന്തുകൊണ്ട് സന്തോഷമുണ്ടാകുന്നില്ല! ചിന്തനം നടക്കാത്തത് എന്തുകൊണ്ടാണ്! ആരാണോ അതീവ സേവനയുക്തരായ കുട്ടികൾ അവർക്ക് തീർച്ചയായും ചിന്തയുണ്ടാകും. എങ്ങനെയാണോ വക്കീൽപ്പരീക്ഷ പാസായാൽ ബുദ്ധിയിൽ വരുന്നത്- ഞാൻ ഇങ്ങനെ ചെയ്യും, ഇത് ചെയ്യും എന്നെല്ലാം. നിങ്ങളും മനസ്സിലാക്കുന്നുണ്ട് നമ്മൾ ഈ ശരീരം ഉപേക്ഷിച്ച് ഇന്നതായി മാറും. ഓർമ്മയിലൂടെയാണ് നിങ്ങളുടെ ആയുസ്സ് വർദ്ധിക്കുക. ഇപ്പോഴാണെങ്കിൽ പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണ്, ഈ ഗ്രേഡ് വളരെ ഉയർന്നതാണ്. നിങ്ങൾ ഈശ്വരീയ പരിവാരത്തിലേതാണ്. നിങ്ങൾക്ക് മറ്റൊരു സംബന്ധവുമില്ല. സഹോദരീ സഹോദരർ എന്നതിനേക്കാൾ ഉപരിയായിരിക്കുന്നു. സഹോദര-സഹോദരൻമാരാണ് എന്ന് മനസ്സിലാക്കൂ, ഇത് വളരെ അധികം അഭ്യാസം ചെയ്യണം. സഹോദരൻ എവിടെയാണ് വസിക്കുന്നത്? ഈ സിംഹാസനത്തിൽ അകാലനായ ആത്മാവ് ഇരിക്കുന്നു. സർവ്വ ആത്മാക്കളുടേയും ഈ സിംഹാസനം ജീർണ്ണിച്ചിരിക്കുന്നു. ഏറ്റവും കൂടുതൽ കേടുവന്നിരിക്കുന്നത് നിങ്ങളുടെ സിംഹാസനമാണ്. ആത്മാവ് ഈ സിംഹാസനത്തിലാണ്. ഭൃകുടി മദ്ധ്യത്തിൽ എന്താണ്? ഇത് ബുദ്ധി കൊണ്ട് മനസ്സിലാക്കേണ്ട കാര്യമാണ്. ആത്മാവ് തീർത്തും സൂക്ഷ്മമാണ്. നക്ഷത്ര സമാനമാണ്. ബാബയും

പറയുന്നു ഞാനും ബിന്ദുവാണ്. ഞാൻ നിങ്ങളെക്കാൾ വലുതൊന്നുമല്ല. നിങ്ങൾക്ക് അറിയാം നമ്മൾ ശിവബാബയുടെ സന്താനങ്ങളാണ്. ഇപ്പോൾ ബാബയിൽ നിന്നും സമ്പത്ത് എടുക്കണം അതിനാൽ പരസ്പരം ആത്മസഹോദരങ്ങളാണ് എന്ന് മനസ്സിലാക്കൂ. ബാബ നിങ്ങളെ സന്മുഖത്ത് പഠിപ്പിക്കുകയാണ്. മുന്നോട്ട് പോകവേ ഇനിയും ആകർഷണം ഉണ്ടാകും. ഈ വിഘ്നങ്ങളും ഡ്രാമ അനുസരിച്ച് വന്നുകൊണ്ടിരിക്കുന്നതാണ്.

ഇപ്പോൾ ബാബ പറയുന്നു – നിങ്ങൾ പതിതമാകരുത്, ഇത് ആജ്ഞയാണ്. ഇപ്പോളാണെങ്കിൽ തീർത്തും തമോപ്രധാനമായിരിക്കുകയാണ്. വികാരം കൂടാതെ ജീവിക്കാനേ കഴിയുന്നില്ല. എങ്ങനെയാണോ ഗവൺമെന്റ് പറയുന്നത് മദ്യം കുടിക്കരുത്, അപ്പോൾ മദ്യം കുടിക്കാതെ ഇരിക്കാനേ കഴിയുന്നില്ല. പിന്നീട് അവരോട് തന്നെ മദ്യം കുടിച്ച് ബോംബും കൊണ്ട് ഇന്ന സ്ഥലത്ത് ചെന്ന് ചാടാൻ പറയും. എത്ര നഷ്ടമാണ് ഉണ്ടാകുന്നത്. നിങ്ങൾ ഇവിടെ ഇരുന്നുകൊണ്ടുതന്നെ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. അവരാണെങ്കിൽ അവിടെ ഇരിക്കെത്തന്നെ മുഴുവൻ വിശ്വത്തിന്റേയും വിനാശത്തിനായി ബോംബുകളിടുന്നു. എന്തൊരു മത്സരമാണെന്ന് നോക്കൂ. ഇവിടെ ഇരുന്ന് ബാബയെ ഓർമ്മിച്ച് വിശ്വത്തിന്റെ അധികാരിയാകുന്നു. എന്ത് തന്നെയായാലും ബാബയെ തീർച്ചയായും ഓർമ്മിക്കണം. ഇതിൽ ഹഠയോഗം ചെയ്യുന്നതിന്റേയോ ആസനത്തിൽ ഇരിക്കുന്നതിന്റേയോ ആവശ്യമില്ല. ബാബ ഒരു ബുദ്ധിമുട്ടും നൽകുന്നില്ല. എങ്ങനെ വേണമെങ്കിലും ഇരുന്നോളു പക്ഷേ നമ്മൾ അതിസ്നേഹിയായ മക്കളാണെന്ന് ഓർമ്മിക്കണം. നിങ്ങൾക്ക് വെണ്ണയിൽ നിന്ന് മുടിനാര് എടുക്കുന്നതുപോലെയാണ് ചക്രവർത്തീ പദവി ലഭിക്കുന്നത്. സെക്കന്റിൽ ജീവന്മുക്തിയെന്ന് പാടുന്നുമുണ്ട്. എവിടെ വേണമെങ്കിലും ഇരുന്നോളു, നടന്നോളു ചുറ്റിക്കറങ്ങിക്കോളൂ, ഒപ്പം ബാബയെ ഓർമ്മിക്കു. പവിത്രമായി മാറാതെ എങ്ങനെ പോകും? ഇല്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടി വരും. എപ്പോൾ ധർമ്മരാജന്റെ അടുത്ത് പോകുന്നുവോ അപ്പോൾ എല്ലാവരുടേയും കർമ്മ–കണക്കുകൾ തീർപ്പാകും. എത്രത്തോളം പവിത്രമാകുന്നുവോ അത്രയും ഉയർന്ന പദവി നേടും. അപവിത്രമായിരിക്കുകയാണെങ്കിൽ ഉണങ്ങിയ ചപ്പാത്തി കഴിക്കേണ്ടിവരും. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും പാപം ഇല്ലാതാകും. ഇവിടെ ചിലവിന്റെ കാര്യമൊന്നുമില്ല. വീട്ടിൽ തന്നെ ഇരുന്നാലും ശരി, ബാബയിൽ നിന്നും മന്ത്രം സ്വീകരിക്കു. ഇതാണ് മായയെ വശത്താക്കുന്നതിനുള്ള മന്ത്രം– മന്മനാഭവ. ഈ മന്ത്രം ലഭിച്ചാൽ ധൈര്യമായി വീട്ടിലേയ്ക്ക് പെയ്ക്കോളൂ. മുഖത്തിലൂടെ ഒന്നും പറയേണ്ടതില്ല. ഈശ്വരനും സമ്പത്തും, ചക്രവർത്തീ പദവിയെ ഓർമ്മിക്കൂ. നിങ്ങൾക്ക് അറിയാം ബാബയെ ഓർമ്മിക്കുന്നതിലൂടെ സതോപ്രധാനമായി മാറും, പാപങ്ങൾ ഇല്ലാതാകും. ബ്രഹ്മാബാബ തന്റെ അനുഭവം പറയുന്നു– ഭോജനം കഴിക്കാൻ ഇരിക്കും, ശരി, ബാബയെ ഓർമ്മിച്ചുകൊണ്ട് കഴിക്കുകയാണ്, എന്നാൽ പെട്ടെന്ന് മറന്നുപോകുന്നു എന്തുകൊണ്ടെന്നാൽ പാടാറുണ്ട് ആരുടെ തലയിലാണോ ഒരുപാട് കാര്യങ്ങളുള്ളത്........... എത്ര ചിന്തിക്കേണ്ടി വരുന്നു– ഇന്ന ആത്മാവ് വളരെ അധികം സേവനം ചെയ്യുന്നുണ്ട്, അവരെ ഓർമ്മിക്കണം. സേവനയുക്തരായ കുട്ടികളെ വളരെ അധികം സ്നേഹിക്കുന്നു. നിങ്ങളും പറയുന്നു ഈ ശരീരത്തിൽ ഇരിക്കുന്നത് ഏത് ആത്മാവാണോ അവരെ ഓർമ്മിക്കൂ. ഇവിടെ നിങ്ങൾ വരുന്നതുതന്നെ ശിവബാബയുടെ അടുത്തേയ്ക്കാണ്. ബാബ അവിടെ നിന്ന് താഴേയ്ക്ക് വന്നിരിക്കുകയാണ്. നിങ്ങൾ എല്ലാവരോടും പറയാറുമുണ്ട്– ഭഗവാൻ വന്നിരിക്കുന്നു. പക്ഷേ മനസ്സിലാക്കുന്നില്ല. യുക്തിയോടുകൂടി പറഞ്ഞുകൊടുക്കേണ്ടി വരും. പരിധിയുള്ളതും പരിധിയില്ലാത്തതുമായി രണ്ട് അച്ഛന്മാരുണ്ട്. ഇപ്പോൾ പരിധിയില്ലാത്ത അച്ഛൻ രാജധാനി നൽകുകയാണ്. പഴയ ലോകത്തിന്റെ വിനാശവും മുന്നിൽ നിൽക്കുകയാണ്. ഒരു ധർമ്മത്തിന്റെ സ്ഥാപനയും അനേകം ധർമ്മങ്ങളുടെ വിനാശവും സംഭവിക്കും. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപങ്ങൾ ഭസ്മമാകും. ഇത് യോഗാഗ്നിയാണ്, ഇതിലൂടെ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും. ഈ വഴി ബാബ തന്നെയാണ് പറഞ്ഞുതന്നത്. നിങ്ങൾ കുട്ടികൾക്ക് അറിയാം– ബാബ എല്ലാവരേയും പുഷ്പമാക്കി മാറ്റി, കണ്ണുകളിൽ ഇരുത്തി കൊണ്ടുപോകും. ഏത് കണ്ണിൽ? ജ്ഞാനത്തിന്റെ. ആത്മാക്കളെയാണ് കൊണ്ടുപോകുന്നത്. മനസ്സിലാക്കുന്നുണ്ട് തീർച്ചയായും പോവുകതന്നെവേണം, അതിനുമുമ്പ് എന്തുകൊണ്ട് ബാബയിൽ നിൽ നിന്നും സമ്പത്ത് എടുത്തുകൂടാ. സമ്പാദ്യം വളരെ ഭാരിച്ചതാണ്. ബാബയെ മറക്കുന്നതിലൂടെ പിന്നീട് നഷ്ടവും വളരെ വലുതാണ്. പക്കാ വ്യാപാരിയായി മാറൂ. ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമേ ആത്മാവ് പവിത്രമാകൂ. പിന്നീട് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കും. അതിനാൽ ബാബ പറയുന്നു– മധുര മധുരമായ കുട്ടികളേ, ദേഹീ അഭിമാനിയാവൂ. ഈ ശീലം ഉറച്ചതാക്കണം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയിൽ നിന്നും പഠിച്ചുകൊണ്ടിരിക്കൂ എങ്കിൽ തോണി അക്കരെയെത്തും, ശിവാലയത്തിലെത്തിച്ചേരും. ചന്ദ്രകാന്ത വേദാന്തത്തിലും ഈ കഥയുണ്ട്. തോണി പൊയ്ക്കൊണ്ടിരിക്കുന്നു, എതെങ്കിലും വസ്തുവിൽ മനസ്സ് കുടുങ്ങുന്നു, ഇടയിൽ വെച്ച് ഇറങ്ങുന്നു തോണി നിൽക്കാതെ പോകുന്നു. ഈ ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങൾ വീണ്ടും ഉണ്ടാക്കും, നിങ്ങൾ

പഠിക്കുകയും ചെയ്യും. പിന്നീട് എപ്പോൾ ബാബ വരുന്നോ അപ്പോൾ ഇതെല്ലാം ഉപേക്ഷിക്കും. എല്ലാവരേയും കൊണ്ടുപോകാനാണ് ബാബ വരുന്നത്. ഭാരതത്തിന്റെ ഉത്ഥാനവും-പതനവും എങ്ങനെയാണ് ഉണ്ടാകുന്നത്, എത്ര വ്യക്തമാണ്. ഇദ്ദേഹം വെളുത്തതും കറുത്തതുമാകുന്നു. ബ്രഹ്മാവു തന്നെയാണ് വിഷ്ണു, വിഷ്ണു തന്നെയാണ് ബ്രഹ്മാവ്. ഒരാൾ മാത്രമല്ല ആയിമാറുന്നത്. ഇതെല്ലാം ജ്ഞാനമാണ്. വെളുത്തവനെന്നും കറുത്തവനെന്നും കൃഷ്ണനെക്കുറിച്ചും പറയാറുണ്ട്. സ്വർഗ്ഗത്തിൽ പോകുമ്പോൾ നരകത്തെ തട്ടിയകറ്റുന്നു. ഇത് ചിത്രത്തിൽ വ്യക്തമല്ലേ. രാജധാനിയുടെ ചിത്രവും നിങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  സുപ്രഭാതവും  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം:-

1. ബാബയുടെ ആജ്ഞ പാലിക്കുന്നതിനുവേണ്ടി നമ്മൾ ആത്മാക്കൾ സഹോദര-സഹോദരന്മാരാണ്, ഭൃകുടിമദ്ധ്യത്തിലാണ് നമ്മുടെ വാസം, നമ്മൾ പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളാണ്, ഇത് നമ്മുടെ ഈശ്വരീയ പരിവാരമാണ്- ഈ സ്മൃതിയിൽ ഇരിക്കണം. ദേഹീ അഭിമാനിയാകുന്നതിനുള്ള ശീലം ഉണ്ടാക്കണം.

2. ധർമ്മരാജന്റെ ശിക്ഷകളിൽ നിന്ന് രക്ഷപ്പെടുന്നതിനായി തന്റെ മുഴുവൻ കർമ്മ-കണക്കും തീർക്കണം. മായയെ വശത്താക്കാൻ എന്ത് മന്ത്രമാണോ ലഭിച്ചിരിക്കുന്നത്, അതിനെ ഓർമ്മവെച്ച് സതോപ്രധാനമായി മാറണം.

## വരദാനം:- ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്ത് മറ്റുള്ളവരെയും ഡ്രാമയുടെ ബിന്ദുവിന്റെ സ്മൃതി ഉണർത്തിക്കൊടുക്കുന്ന വിഘ്നവിനാശകരായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ ഒരു കാര്യത്തിലും ചോദ്യചിഹ്നം ഉന്നയിക്കാത്തത്, സദാ ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്ത് ഓരോ കാര്യത്തിലും മറ്റുള്ളവരെയും ഡ്രാമയുടെ ബിന്ദു സ്മൃതിയിലേക്ക് കൊണ്ടുവരുന്നത് - അവരെത്തന്നെയാണ് വിഘ്ന വിനാശകരെന്ന് പറയുന്നത്. അവർ മറ്റുള്ളവരെക്കൂടി ശക്തിശാലികളാക്കി സഫലതയുടെ ലക്ഷ്യത്തിന്റെ സമീപത്തേക്ക് കൊണ്ടുവരുന്നു. അവർ പരിധിയുള്ള സഫലതയുടെ പ്രാപ്തി കണ്ട് സന്തോഷിക്കില്ല മറിച്ച് പരിധിയില്ലാത്ത സഫലതാമൂർത്തിയായിരിക്കും. സദാ ഏകരസത്തിലും ഒരു ശ്രേഷ്ഠ സ്ഥിതിയിലും സ്ഥിതി ചെയ്യും. അവർ തങ്ങളുടെ സഫലതയുടെ സ്വ-സ്ഥിതിയിലൂടെ അസഫലതയെപ്പോലും പരിവർത്തനപ്പെടുത്തുന്നു.

## സ്ലോഗൻ:- ആശീർവാദങ്ങൾ എടുക്കൂ, ആശീർവാദങ്ങൾ കൊടുക്കൂ എങ്കിൽ ശീഘ്രം മായാജീത്തായി മാറും.